പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4830 — 18.12.14 ൽ - മറുപടിക്ക്

# ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കേരളത്തിന് കിട്ടുന്ന ആനുകൂല്യങ്ങളും ഗുണഫലങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ 154.8 ലക്ഷത്തോളം ജനങ്ങൾക്ക് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം ഉറപ്പുവരുത്തുന്നു. അരി 3/- രൂപാ നിരക്കിലും ഗോതമ്പ് 2/- രൂപാ നിരക്കിലും മറ്റ് ധാന്യങ്ങൾ 1/- രൂപാ നിരക്കിലുമാണ് ലഭ്യമാകുന്നത്. മുതിർന്ന വനിത കാർഡുടമ-യായിരിക്കും. പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 6 മാസം മുതൽ 14 വയസ്സുവരെയുള്ള പോഷകാഹാര കുറവുള്ള കുട്ടികൾക്കും പോഷക കുറവ് പരിഹരിക്കുന്നതിനുള്ള ഭക്ഷണം ലഭ്യമാക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. |
| (ബി) ഈ നിയമത്തിന്റെ അടിസ്ഥാന ത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്; | (ബി) | 1. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക<br>2. പരാതി പരിഹാരത്തിനായി ജില്ലാതല പരിഹാര കമ്മിറ്റികൾ സംഘടിപ്പിക്കുക<br>3. അപ്പീൽ പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാന ഫുഡ് കമ്മീഷൻ രൂപീകരിയ്ക്കുക<br>4. വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കുറ്റമറ്റതാക്കുക<br>5. ഡോർ സ്റ്റെപ്പ് ഡെലിവറി നടപ്പിലാക്കുക<br>6. ഇന്റർമീഡിയറി ഗോഡൗണുകൾ സ്ഥാപിക്കുക. |
| (സി) സംസ്ഥാനത്തെ എത്ര ശതമാനം പേർക്ക് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിരക്ഷ ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | 2011ലെ സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ 52.63% ജനങ്ങൾക്കും നഗരപ്രദേശങ്ങളിലെ 39.5% ജനങ്ങൾക്കുമുൾപ്പെടെ സംസ്ഥാനത്തെ മൊത്ത ജനസംഖ്യയുടെ 46.3% ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നതാണ്. |
| (ഡി) ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 2009 ലെ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി നൽകിയിട്ടുള്ള 14.01.11 ലെ സ.ഉ(കൈ) നം.16/11/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ(കൈ) നം.112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ